**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1826** **19-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി ഭവനിലെ പ്രതിമാസ വെള്ളക്കരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. മമ്മൂട്ടി | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി ഭവനിലെ പ്രതിമാസ വെള്ളക്കരം എത്ര രൂപയാണെന്ന് അറിയിക്കുമോ; ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതലുള്ള ദ്വൈമാസ വെള്ളക്കരം ഓരോ ആറ് മാസത്തിലേത് കണക്കാക്കി നാളിതുവരെയുള്ളത് എത്രയെന്ന് അറിയിക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി ഭവനിലെ 2020–ലെ ശരാശരി പ്രതിമാസ വെള്ളക്കരം 30,000/- രൂപയാണ്. 2016 June – 2016 Dec.=2,59,350/- 2017 Jan. - 2017 June=1,95,592/- 2017 July - 2017 Dec.=2,43,848/- 2018 Jan - 2018 June=2,91,236/- 2018 July - 2018 Dec.=2,31,975/- 2019 Jan - 2019 June=1,47,632/- 2019 July - 2019 Dec.=1,75,113/- 2020 Jan - 2020 June=1,53,319/- 2020 July - 2020 Dec.=1,69,693/- ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത് മുതൽ നാളിതുവരെയുള്ള ആകെ തുക =18,67,758/-. |
| (ബി) | ഈ സ്ഥാപനത്തിൽ നിന്ന് കേരള വാട്ടർ അതോറിറ്റിലേയ്ക്ക് അടച്ചിരുന്ന വെള്ളക്കരത്തിൽ 16.04.2018 മുതൽ 31.12.2020 വരെയുള്ളതിന്റെ കണക്ക് പ്രത്യേകം നൽകുമോ; ഈ കാലയളവിൽ ഇവിടുത്തെ വെള്ളക്കരം താരതമ്യേന കുറഞ്ഞിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം അന്വേഷിച്ചിരുന്നോ; | (ബി) | 16/04/2018 മുതൽ 31/12/2020 വരെയുള്ള വെള്ളക്കരം 11,07,224/- രൂപയാണ്. 16/04/2018 മുതൽ 31/12/2020 വരെയുള്ള കാലയളവിൽ ഇവിടുത്തെ വെള്ളക്കരം താരതമ്യേന കുറഞ്ഞിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കെ.എസ്.ആർ.ടി.സി ഭവനിൽ നിന്നുള്ള സർവ്വീസ് വാട്ടർ ടാപ്പുകളിൽ നിന്നാണ് ചുറ്റുമുള്ള അനധികൃത തട്ടുകടകൾ ചായയും ജ്യൂസുമുൾപ്പെടെയുള്ള ഭക്ഷണപാനീയങ്ങൾ ഉണ്ടാക്കി വിൽപ്പന നടത്തുന്നത് എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി എടുത്തു; | (സി) | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഇത്തരത്തിൽ പ്രസ്തുത സ്ഥാപനത്തിലെ കേരള വാട്ടർ അതോറിറ്റിയുടെ സർവ്വീസ് ജലം അനധികൃതമായി ഉപയോഗിക്കുന്നത് അനുവദിച്ചുനൽകുന്ന ആശാവഹമല്ലാത്ത പ്രവൃത്തി | (ഡി) | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | ഉടൻ അവസാനിപ്പിക്കാൻ സർക്കാർ ഇടപെടൽ നടത്തുമോ? | | |

സെക്ഷൻ ഓഫീസർ